
SCOLE KERALA
സ്കോൾ - കേരള
പൊതുവിദ്യാഭ്യാസ വകുപ്പ്, കേരള സർക്കാർ
പ്രോസ്പെക്ടസ്
2026 - 2028
E = mc²
അഡീഷണൽ മാത്സ്
വിദ്യാഭ്യാസ പരിപാടികൾ | പാഠ്യപദ്ധതി | സൗകര്യങ്ങൾ
ഗണിതത്തിന്റെ ലോകം പര്യവേക്ഷണം ചെയ്യുക
വിദ്യാഭ്യാസത്തിലെ നവീകരണം
വിദ്യാഭ്യാസ പരിപാടികൾ | പാഠ്യപദ്ധതി | സൗകര്യങ്ങൾ
സ്കോൾ-കേരള
Vidhyabhavsa, Pecjappera, Thirnvananthapuram-695012
Phoue: 0471 2342950, 2342271, 2342369
email : scoisherals@gmail.com, webrite: www.scolchsrala.org

# ആമുഖം

**ആ**ജീവനാന്ത വിദ്യാഭ്യാസം ലക്ഷ്യമിട്ടുകൊണ്ട് പൊതു വിദ്യാഭ്യാസ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന സ്വയംഭരണ സ്ഥാപനമാണ് സ്റ്റേറ്റ് കൗൺസിൽ ഫോർ ഓപ്പൺ ആന്റ് ലൈഫ്ലോങ് എജ്യൂക്കേഷൻ-കേരള (സ്കോൾ-കേരള) ബഹു. പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയാണ് സ്കോൾ-കേരളയുടെ ചെയർമാൻ.

ഹയർസെക്കണ്ടറി റഗുലർ സ്കൂൾ പ്രവേശനം നേടി ഒന്നാം വർഷം പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോൾ-കേരള മുഖേന അഡീഷണലായി മാത്തമാറ്റിക്സ് പഠിക്കുന്നതിന് സർക്കാർ അവസരം ഒരുക്കിയിട്ടുണ്ട്. 15.03.2007 ലെ ജി.ഒ (ആർ. ടി)നം.1170/2007/പൊവിവ സർക്കാർ ഉത്തരവ് പ്രകാരം വൊക്കേഷണൽ ഹയർസെക്കണ്ടറി വിഭാഗത്തിൽ ബി ഗ്രൂപ്പ് തെരഞ്ഞെടുത്ത വിദ്യാർത്ഥികൾക്ക് അഡീഷണലായി വി.എച്ച്.എസ്.ഇ മാത്തമാറ്റിക്സ് പഠനം നടത്താവുന്നതാണ്.

01.03.2025-ലെ സ.ഉ(സാധ) നം.1708/2025/പൊവിവ, 29.09.2025-ലെ സ.ഉ(സാധ) നം.7680/2025/പൊവിവ എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം ഹയർസെക്കണ്ടറി റഗുലർ വിഭാഗത്തിലെ കൊമേഴ്സ്, ഹ്യുമാനിറ്റീസ് ഗ്രൂപ്പുകളിൽ ഇക്കണോമിക്സ് ഉൾപ്പെട്ടിട്ടുള്ള വിവിധ വിഷയ കോമ്പിനേഷനുകൾ തെരഞ്ഞെടുത്ത് പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി ഹയർസെക്കണ്ടറി അഡീഷണൽ മാത്തമാറ്റിക്സ് വിഷയം മാത്രം രജിസ്റ്റർ ചെയ്ത് സ്കോൾ-കേരള മുഖേന പഠനം നടത്തുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്.

വിദ്യാഭ്യാസരംഗം ഇന്ന് മാറ്റത്തിന്റെ പാതയിലാണ്. പുതു തലമുറ ഈ മാറ്റങ്ങളെ സസൂഷ്മം നിരീക്ഷിക്കുകയും മാറ്റങ്ങൾ ഉൾക്കൊള്ളാൻ വെമ്പൽ കൊള്ളുകയും ചെയ്യുന്നു. മികച്ച ജീവിതം കെട്ടിപ്പടുക്കുന്നതിന് അനുഗുണമായ തൊഴിലധിഷ്ഠിതവും തൊഴിലിനോട് ആഭിമുഖ്യം പുലർത്തുന്നതുമായ വ്യത്യസ്ത ഇനം കോഴ്സുകൾ പഠിക്കണമെന്നാണ് പുതുതലമുറയുടെ ആഗ്രഹം. അതു സാധ്യമാക്കുന്ന തരത്തിൽ നിലവിലെ കോഴ്സുകളിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനും വ്യത്യസ്തങ്ങളായ ന്യൂജെൻ കോഴ്സുകൾക്ക് അവസരമൊരുക്കുന്നതിനും വിദ്യാഭ്യാസമേഖലയിൽ ശ്രദ്ധേയമായ മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. ഉന്നത വിദ്യാഭ്യാസ രംഗത്ത് ഡിഗ്രി തലം മുതൽ ഭാഷ, ശാസ്ത്രം, ചരിത്രം, സയൻസ്, ടെക്നോളജി, മാനേജ്മെന്റ്, ഫിനാൻസ്, അക്കൗണ്ടൻസി, ആരോഗ്യം, കൃഷി, സംരഭകത്വം, കല, വാർത്താവിനിമയം തുടങ്ങിയ വിവിധ മേഖലകളിൽ നൂതനങ്ങളായ കോഴ്സുകൾ ഒരുക്കുന്നതിന് ശ്രമം നടക്കുന്നുണ്ട്. എന്നാൽ ഇത്തരം കോഴ്സുകളിൽ മിക്കതിലും ചേർന്ന് പഠിക്കുന്നതിന് ഹയർസെക്കണ്ടറി തലത്തിൽ ഗണിതം (Mathematics) ഒരു വിഷയമായി പഠിച്ചിരിക്കേണ്ടതുണ്ട്. ഇപ്പോൾ ഗവേഷണാത്മക പഠനത്തിന്റെ ഭാഗമായി പ്രോജക്ടുകൾ ഏറ്റെടുക്കൽ, നൂതന രീതിയിലുള്ള വിവരശേഖരണം, ദത്തവിശകലനം തുടങ്ങിയവയിൽ അടിസ്ഥാന പരിജ്ഞാനം അത്യാന്താപേക്ഷിതമാണ്. ഇക്കാര്യങ്ങളുടെ അടിസ്ഥാന പഠനം മാത്തമാറ്റിക്സിലൂടെയാണ് സാധ്യമാകുന്നത്.

കേരളത്തിൽ നിലവിൽ ഹയർസെക്കന്ററി തലത്തിൽ ഹ്യൂമാനിറ്റിക്സ് ഗ്രൂപ്പിലെ 10,11,12,13,14,15,16,17,18,20,21,22,23,24,25,26,27,28,30,32,33,41,42,43,45,46 എന്നീ സബ്ജക്ട്

കോമ്പിനേഷൻ പഠിക്കുന്ന കുട്ടികൾക്കും കൊമേഴ്സ് ഗ്രൂപ്പിലെ 37,38,39 സബ്ജക്ട് കോമ്പിനേഷൻ പഠിക്കുന്നവർക്കും മാത്രമാണ് അഡീഷണലായി മാത്തമാറ്റിക്സ് ഒരു വിഷയമായി പഠിക്കാൻ അവസരമുള്ളത്.

മാത്തമാറ്റിക്സ് ഒരു വിഷയമായി പഠിക്കാൻ അവസരമില്ലാത്ത ഹയർസെക്കണ്ടറി റഗുലർ വിദ്യാർത്ഥികൾക്ക് സ്വന്തം താൽപര്യ പ്രകാരം നിലവിലുള്ള ഹയർസെക്കണ്ടറി പഠനത്തോടൊപ്പം അഡീഷണലായി മാത്തമാറ്റിക്സ് ഒരു വിഷയമായി പഠിച്ചുകൊണ്ട് ഗണിതപരമായ കഴിവുകളും ചിന്താശേഷികളും വർദ്ധിപ്പിക്കുവാനും, **CUET, CAT** ഉൾപ്പെടെയുള്ള മത്സര പരീക്ഷയ്ക്ക് അപേക്ഷിക്കുവാനും, പങ്കെടുക്കുവാനും ഈ കോഴ്സ് സഹായകരമായിരിക്കും. വിശദമായ വിവരങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ള ഈ കൈപുസ്തകം കോഴ്സിനെക്കുറിച്ച് കൂടുതൽ അറിയാൻ പഠിതാക്കളെ സഹായിക്കും.

തിരുവനന്തപുരം
01/07/2026

**ഡോ. ജിനേഷ്കുമാർ എം.എം**
എക്സിക്യൂട്ടീവ് ഡയറക്ടർ
സ്കോൾ-കേരള

## കോഴ്സുകൾ

1. ഹയർസെക്കണ്ടറി അഡീഷണൽ മാത്തമാറ്റിക്സ്.
2. വൊക്കേഷണൽ ഹയർസെക്കണ്ടറി അഡീഷണൽ മാത്തമാറ്റിക്സ്.

## ഹയർസെക്കണ്ടറി അഡീഷണൽ മാത്തമാറ്റിക്സ്

### കോഴ്സിന്റെ അംഗീകാരം

1. 03.01.2025-ലെ സ.ഉ. (സാധ) നം.1708/2025/പൊവിവ,

2. 29.09.2025-ലെ സ.ഉ.(സാധ) നം.7680/2025/പൊവിവ എന്നീ സർക്കാർ ഉത്തരവുകൾ അനുസരിച്ച്. (സർക്കാർ ഉത്തരവുകൾ അനുബന്ധം 1, 2 ആയി ഉൾപ്പെടുത്തിയിരിക്കുന്നു.)

### പ്രവേശന യോഗ്യത

കേരള പാഠ്യപദ്ധതി പിൻതുടരുന്ന ഏതെങ്കിലും ഒരു റഗുലർ ഹയർസെക്കണ്ടറി സ്കൂളിൽ ഹ്യൂമാനിറ്റീസ്, കൊമേഴ്സ് ഗ്രൂപ്പുകളിൽ ഇക്കണോമിക്സ് ഒരു വിഷയമായി തെരഞ്ഞെടുത്ത് ഒന്നാം വർഷ പ്രവേശനം നേടിയ വിദ്യാർഥിയായിരിക്കണം.

1. ഹ്യൂമാനിറ്റീസ് ഗ്രൂപ്പിലെ ചുവടെ ചേർത്തിട്ടുള്ള സബ്ജക്ട് കോഡുകളിൽ ഹയർസെക്കണ്ടറി ഒന്നാം വർഷം പ്രവേശനം നേടിയിരിക്കണം. സബ്ജക്ട് കോമ്പിനേഷൻ - 10, 11, 12, 13, 14, 15, 16, 17, 18, 20, 21, 22, 23, 24, 25, 26, 27, 28, 30, 32, 33, 41, 42, 43, 45, 46

2. കോമേഴ്സ് ഗ്രൂപ്പിലെ 37, 38, 39 എന്നീ സബ്ജക്ട് കോമ്പിനേഷനുകളിൽ ഏതെങ്കിലും ഒന്നിൽ ഒന്നാം വർഷം പ്രവേശനം നേടിയിരിക്കണം.

| പഠന രീതി | കാലാവധി | കോഴ്സ് ഫീസ് |
|---|---|---|
| ഓഫ്ലൈൻ ക്ലാസ്സുകൾ | 2 വർഷം | 1500/- രൂപ |

## വൊക്കേഷണൽ ഹയർസെക്കണ്ടറി അഡീഷണൽ മാത്തമാറ്റിക്സ്

### കോഴ്സിന്റെ അംഗീകാരം

15.03.2007 ലെ ജി.ഒ (ആർ.ടി)നം.1170/2007/പൊവിവ സർക്കാർ ഉത്തരവ് അനുസരിച്ച്. (ഉത്തരവ് അനുബന്ധം 3 ആയി ഉൾപ്പെടുത്തിയിരിക്കുന്നു.)

### പ്രവേശന യോഗ്യത

കേരള പാഠ്യപദ്ധതി പ്രകാരം വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളിൽ ബി ഗ്രൂപ്പ് തെരഞ്ഞെടുത്ത് ഒന്നാം വർഷ പ്രവേശനം നേടിയ വിദ്യാർഥിയായിരിക്കണം.

| പഠന രീതി | കാലാവധി | കോഴ്സ് ഫീസ് |
|---|---|---|
| ഓഫ്ലൈൻ ക്ലാസ്സുകൾ | 2 വർഷം | 1500/- രൂപ |

### സ്വയം പഠന സഹായി

പാഠഭാഗങ്ങൾ ലളിതമായി ഗ്രഹിക്കാൻ സാധിക്കുംവിധം ഹയർസെക്കണ്ടറി പാഠപുസ്തകത്തെ അടിസ്ഥാനമാക്കി സ്കോൾ-കേരള വികസിപ്പിച്ച സ്വയം പഠനസഹായി വിദ്യാർഥികൾക്ക് അനുവദിക്കും. ക്ലാസുകൾ ആരംഭിക്കുന്ന മുറയ്ക്ക് പഠനകേന്ദ്രം മുഖേനയോ/തപാൽ മാർഗ്ഗമോ അതത് പഠനകേന്ദ്രത്തിൽ അല്ലങ്കിൽ വിദ്യാർഥിയുടെ മേൽവിലാസത്തിൽ സ്വയം പഠനസഹായി ലഭ്യമാക്കും.

## കോഴ്സ് സിലബസ്

- **ഹയർസെക്കണ്ടറി അഡീഷണൽ മാത്തമാറ്റിക്സ്.**
  ഹയർസെക്കണ്ടറി കൊമേഴ്സ് ഗ്രൂപ്പ് മാത്തമാറ്റിക്സ് വിഷയത്തിന്റെ സിലബസ്
- **വൊക്കേഷണൽ ഹയർസെക്കണ്ടറി അഡീഷണൽ മാത്തമാറ്റിക്സ്.**
  ഹയർസെക്കണ്ടറി സയൻസ് ഗ്രൂപ്പ് മാത്തമാറ്റിക്സ് വിഷയത്തിന്റെ സിലബസ്

## പഠനകേന്ദ്രങ്ങൾ

**ഹയർസെക്കണ്ടറി അഡീഷണൽ മാത്തമാറ്റിക്സ്.**

ജില്ലയിലെ മാത്തമാറ്റിക്സ് വിഷയമുള്ള ഹയർസെക്കണ്ടറി സ്കൂളുകൾ പഠനകേന്ദ്രമായി അനുവദിക്കുന്നതായിരിക്കും.

**വൊക്കേഷണൽ ഹയർസെക്കണ്ടറി അഡീഷണൽ മാത്തമാറ്റിക്സ്.**

ജില്ലയിലെ മാത്തമാറ്റിക്സ് വിഷയമുള്ള വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകൾ പഠനകേന്ദ്രമായി അനുവദിക്കുന്നതായിരിക്കും.

പഠനകേന്ദ്രം അനുവദിക്കുന്നതിന് ഒരു കേന്ദ്രത്തിൽ കുറഞ്ഞത് 35 വിദ്യാർത്ഥികൾ രജിസ്റ്റർ ചെയ്തിരിക്കണം. ഇതിൽ കുറവ് വന്നാൽ ജില്ലയിലെ മറ്റ് പഠനകേന്ദ്രങ്ങളുമായി കൂട്ടിചേർത്ത് ക്ലാസുകൾ സംഘടിപ്പിക്കുന്നതാണ്. പഠനകേന്ദ്രം അനുവദിക്കുന്നതിനുള്ള പൂർണ്ണ അധികാരം സ്കോൾ-കേരളയിൽ നിക്ഷിപ്തമായിരിക്കും. തെരഞ്ഞെടുത്ത പഠനകേന്ദ്രങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം 4, 5 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## പരീക്ഷാ കേന്ദ്രങ്ങൾ

ഇരു കോഴ്സുകളിലും വിദ്യാർത്ഥികൾ ഒന്നാംവർഷം പ്രവേശനം നേടുന്ന മാതൃവിദ്യാലയമാണ് പരീക്ഷാകേന്ദ്രമായി അനുവദിക്കുന്നത്. പ്രസ്തുത സ്കൂളിൽ ലാബ് സൗകര്യം ഇല്ലാത്തപക്ഷം പരീക്ഷാബോർഡ് സെക്രട്ടറി നിശ്ചയിക്കുന്നതായിരിക്കും പരീക്ഷാകേന്ദ്രം.

## അപേക്ഷിക്കേണ്ട വിധം

പ്രവേശന വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയ ശേഷം സ്കോൾ- കേരളയുടെ വെബ് സൈറ്റ് **(www.scolekerala.org)** മുഖാന്തിരം വിദ്യാർഥികൾക്ക് ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. വിശദവിവരങ്ങൾ വെബ് സൈറ്റിൽ ലഭ്യമാണ്.

## ഫീസ് ഒടുക്കേണ്ട വിധം

കോഴ്സ് ഫീസായ ആയിരത്തി അഞ്ഞൂറ് രൂപ (1,500/-) ഒറ്റതവണ ഓൺലൈനായി ഒടുക്കേണ്ടതാണ്. ഒന്നാം ഘട്ടത്തിലെ വ്യക്തിഗത വിവരങ്ങൾ എന്റർ ചെയ്ത ശേഷം പേയ്മെന്റ് മോഡ് തെരഞ്ഞെടുത്ത് തുക ഒടുക്കാവുന്നതാണ്. ഫീസ് ഒടുക്കുന്നതിന് നിലവിൽ സർവ്വീസ് ചാർജ്ജ് നൽകേണ്ടതില്ല. ***ഫീസ് ഒടുക്കുന്ന ഓൺലൈൻ ഇടപാട് വിജയകരമായി നിർവ്വഹിച്ചു എന്നത് വിദ്യാർഥികൾ ഉറപ്പുവരുത്തേണ്ടതാണ്. എന്നാൽ മാത്രമേ അടുത്ത ഘട്ടത്തിലേക്ക് പ്രവേശിക്കുവാൻ സാധിക്കുകയുള്ളൂ.***

**ഫീസ് ഇനത്തിൽ ഒരു തവണ ഒടുക്കിയ തുക**
**യാതൊരു കാരണവശാലും മടക്കി അനുവദിക്കുന്നതല്ല.**

## ഫീസ് ഒടുക്കിയ രസീത്/ചലാൻ പ്രിന്റ് ലഭിക്കുന്നതിന്

ഫീസ് ഒടുക്കിയ രസീത്/ചലാൻ ലഭിക്കുന്നതിന് നാലാം ഘട്ടം പൂർത്തിയാക്കി Final Submit ചെയ്ത ശേഷം ആപ്ലിക്കേഷൻ ഡൗൺലോഡ് ചെയ്ത് പ്രിന്റ് എടുക്കേണ്ടതാണ്. അതിൽ ലഭിക്കുന്ന Application Number & Date of Birth ഉപയോഗിച്ച് ലോഗിൻ ചെയ്ത് ഫീസ് രസീത് പ്രിന്റ് എടുക്കാവുന്നതാണ്.

## രജിസ്ട്രേഷൻ

നിർദ്ദിഷ്ടയോഗ്യതയുള്ള വിദ്യാർത്ഥികൾ ചുവടെ ചേർക്കുംപ്രകാരം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

- ഒന്നാംവർഷ പ്രവേശന അറിയിപ്പ് പ്രസിദ്ധപ്പെടുത്തുന്ന മുറയ്ക്ക് നിശ്ചിത സമയപരിധിക്കുള്ളിൽ **www.scolekerala.org** എന്ന വെബ്സൈറ്റിലെ അഡ്മിഷൻ സ്യൂട്ടിൽ ഓൺലൈനായി രജിസ്റ്റർ ചെയ്യേണ്ടതാണ്.
- ഓൺലൈൻ മുഖേന നാല് ഘട്ടങ്ങളായാണ് രജിസ്ട്രേഷൻ പൂർത്തിയാക്കേണ്ടത്. അപേക്ഷയോടൊപ്പം നിർദ്ദിഷ്ട രേഖകൾ സ്വീകരിക്കുന്നതിനാൽ മൂന്നാം ഘട്ടത്തിലെ ***Attachements Upload*** ചെയ്യേണ്ടതില്ല.
- വെബ്സൈറ്റിൽ ഹയർസെക്കണ്ടറി അഡീഷണൽ മാത്തമാറ്റിക്സ്, വൊക്കേഷണൽ ഹയർസെക്കണ്ടറി അഡീഷണൽ മാത്തമാറ്റിക്സ് എന്നീ ലിങ്കുകളിൽ ക്ലിക്ക് ചെയ്താൽ അപേക്ഷയുടെ ഫീൽഡുകൾ ദൃശ്യമാകും.
- ആറുമാസത്തിനുള്ളിൽ എടുത്ത jpeg/jpg format ലുള്ള 26kb മുതൽ 60kb (100pxl x150pxl മുതൽ 200pxl x 200pxl മുതൽ ) യിലുള്ള വിദ്യാർഥിയുടെ പാസ്പോർട്ട് സൈസ് ഫോട്ടോ അപ്ലോഡ് ചെയ്യേണ്ടതാണ്.
- പി.സി.പി ക്ലാസുകൾക്കായി വിദ്യാർഥികൾക്ക് മുൻഗണനാക്രമത്തിൽ ജില്ലയിലെ 3 പഠന കേന്ദ്രങ്ങൾ തെരഞ്ഞെടുക്കാവുന്നതാണ്. പഠന കേന്ദ്രം അനുവദിക്കുന്ന കാര്യത്തിൽ അന്തിമ തീരുമാനം സ്കോൾ - കേരളയിൽ നിക്ഷിപ്തമാണ്.
- ഓൺലൈൻ അപേക്ഷ പൂർണമായും വായിച്ച് ഉറപ്പുവരുത്തി മാത്രമേ Final Submit ചെയ്യുവാൻ പാടുള്ളൂ. ഒരു തവണ Final Submit ചെയ്തു കഴിഞ്ഞാൽ പിന്നെ അപേക്ഷ Edit ചെയ്യുവാൻ സാധിക്കുകയില്ല. Final Submit ചെയ്ത് അപേക്ഷയുടെ പ്രിന്റ് എടുത്ത് ആയതിലെ നിർദ്ദിഷ്ട സ്ഥലത്ത് വിദ്യാർഥിയും സ്കൂൾ പ്രിൻസിപ്പാളും ഒപ്പ് രേഖപ്പെടുത്തേണ്ടതാണ്.
- സ്കോൾ-കേരള അക്കൗണ്ടിൽ ഓൺലൈൻ മോഡിൽ നിശ്ചിത ഫീസ് ഒടുക്കിയ അസൽ രസീതും, ഡൗൺലോഡ് ചെയ്തെടുത്ത പ്രിന്റ് ഔട്ടും, എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും സഹിതം നിശ്ചിത തീയതിക്കുള്ളിൽ അതത് സ്കൂൾ പ്രിൻസിപ്പാളിന്റെ സാക്ഷ്യപ്പെടുത്തൽ സഹിതമുള്ള അപേക്ഷ വിദ്യാർഥിയുടെ മാതൃവിദ്യാലയത്തിലോ, സ്കോൾ-കേരളയുടെ ബന്ധപ്പെട്ട ജില്ല കേന്ദ്രങ്ങളിലോ, സംസ്ഥാന ഓഫീസിൽ നേരിട്ടോ, തപാൽ മാർഗ്ഗമോ എത്തിക്കേണ്ടതാണ്.

## പ്രവേശന നിബന്ധനകൾ

- ഓരോ ജില്ലയിലും മാത്തമാറ്റിക്സ് വിഷയമുള്ള, തിരഞ്ഞെടുത്ത ഗവൺമെന്റ് ഹയർ സെക്കൻണ്ടറി സ്കൂൾ പഠനകേന്ദ്രമായി അനുവദിക്കുന്നതായിരിക്കും.
- പഠനകേന്ദ്രം അനുവദിക്കുന്നതിന്റെ അന്തിമ തീരുമാനം സ്കോൾ കേരളയിൽ നിക്ഷിപ്തമായിരിക്കും.
- വിദ്യാർഥികൾക്ക് ഒന്നാം വർഷം 30 മണിക്കൂർ തിയറി ക്ലാസ് നൽകും. രണ്ടാം വർഷം 30 മണിക്കൂർ തിയറി ക്ലാസുകൾക്ക് പുറമെ 20 മണിക്കൂർ പ്രാക്ടിക്കൽ ക്ലാസും അനുവദിക്കുന്നതാണ്.
- **സമ്പർക്കക്ലാസുകളിൽ 100 ശതമാനം ഹാജർ നിർബന്ധമാണ്.**
- ഹയർസെക്കണ്ടറി റെഗുലർ വിദ്യാർഥികൾക്ക് നൽകുന്ന സി.ഇ. മാനദണ്ഡങ്ങൾ ഇരു അഡീഷണൽ മാത്തമാറ്റിക്സ് കോഴ്സുകൾ തെരഞ്ഞെടുക്കുന്ന വിദ്യാർഥികൾക്കും ബാധകമായിരിക്കും.
- അഡീഷണൽ മാത്തമാറ്റിക്സ് പരീക്ഷ നടത്തിപ്പിന്റേയും മാർക്ക്ലിസ്റ്റ് വിതരണത്തിന്റേയും, അധികാരം ബോർഡ് ഓഫ് ഹയർസെക്കൻണ്ടറി എഡ്യൂക്കേഷൻ കേരളയിൽ നിക്ഷിപ്തമായിരിക്കും.
- അഡീഷണൽ മാത്തമാറ്റിക്സ് ഒന്നാംവർഷം രജിസ്റ്റർ ചെയ്ത് പി.സി.പി. ക്ലാസിൽ പങ്കെടുക്കുകയും, സി.ഇ. രേഖകൾ സമർപ്പിച്ച് ഒന്നാം വർഷ ഹയർസെക്കണ്ടറി പരീക്ഷ എഴുതുകയും ചെയ്തിട്ടുള്ള വിദ്യാർഥികളാണ് രണ്ടാം വർഷ അഡീഷണൽ മാത്തമാറ്റിക്സ് പരീക്ഷ എഴുതുവാൻ യോഗ്യരായവർ.
- അഡീഷണൽ മാത്തമാറ്റിക്സ് പരീക്ഷ ഹയർസെക്കണ്ടറിയുടേയും, വൊക്കേഷണൽ ഹയർസെക്കണ്ടറിയുടേയും, പരീക്ഷാ വിഭാഗങ്ങൾ നിശ്ചയിക്കുന്ന പ്രകാരം തിയറി, പ്രായോഗിക പരീക്ഷകളുടേയും, സർട്ടിഫിക്കേറ്റുകളുടേയും ഫീസുകൾ വിദ്യാർഥികൾക്ക് അനുവദിച്ചിട്ടുള്ള അതാത് പരീക്ഷാ കേന്ദ്രം മുഖേന ഒടുക്കേണ്ടതാണ്.
- അഡീഷണൽ മാത്തമാറ്റിക്സ് വിദ്യാർഥികളുടെ റെഗുലർ കോഴ്സ് സ്കോർ 1200 നും അഡീഷണൽ മാത്തമാറ്റിക്സ് സ്കോർ 200 ലും ആയിരിക്കും. അഡീഷണൽ മാത്തമാറ്റിക്സിന് പ്രത്യേകം സർട്ടിഫിക്കറ്റ് ആയിരിക്കും. ടി സർട്ടിഫിക്കറ്റ് റഗുലർ കോഴ്സ് സർട്ടിഫിക്കറ്റുമായി കമ്പൈൻ ചെയ്ത് നൽകുന്നതല്ല.
- <u>അഡീഷണൽ മാത്തമാറ്റിക്സിന് സേ, ഇംപ്രൂവ്മെന്റ്, കമ്പാർട്ട്മെന്റൽ പരീക്ഷകൾ ഉണ്ടായിരിക്കുന്നതല്ല.</u>
- അഡീഷണൽ മാത്തമാറ്റിക്സ് വിഷയത്തിനോടൊപ്പം ഗ്രേസ് മാർക്ക് അനുവദിക്കുന്നതല്ല.
- ടി വിദ്യാർഥികളുടെ ഒന്നും രണ്ടും വർഷ പരീക്ഷ രജിസ്ട്രേഷൻ റദ്ദ് ചെയ്താൽ അഡീഷണൽ മാത്തമാറ്റിക്സിന്റെ പരീക്ഷ രജിസ്ട്രേഷനും റദ്ദാകുന്നതാണ്.
- അഡീഷണൽ മാത്തമാറ്റിക്സിന് പ്രത്യേകം ഹാൾ ടിക്കറ്റായിരിക്കും നൽകുക.

## അപേക്ഷ അയയ്ക്കേണ്ട വിലാസം

വിദ്യാർഥിയുടെ മാതൃവിദ്യാലയം, സ്കോൾ-കേരളയുടെ ജില്ലാ കേന്ദ്രം എന്നിവിടങ്ങളിൽ നേരിട്ടോ, സ്കോൾ-കേരള സംസ്ഥാന ഓഫീസിൽ നേരിട്ടോ രജിസ്ട്രേഡ്/സ്പീഡ് തപാൽ മാർഗമോ അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്.

സ്കോൾ-കേരള സംസ്ഥാന ഓഫീസിന്റെ വിലാസം

***എക്സിക്യൂട്ടീവ് ഡയറക്ടർ,***
***സ്കോൾ-കേരള, വിദ്യാഭവൻ,***
***പൂജപ്പുര പി.ഒ., തിരുവനന്തപുരം - 695012***

സ്കോൾ-കേരള ജില്ലാ കേന്ദ്രങ്ങളുടെ പട്ടിക അനുബന്ധമായി (6) ചേർക്കുന്നു.

## തിരിച്ചറിയൽ കാർഡ്

രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായ ശേഷം പഠന/പരീക്ഷാകേന്ദ്രങ്ങൾ അനുവദിച്ച്, തിരിച്ചറിയൽ കാർഡ് നൽകും. രജിസ്ട്രേഷൻ സമയത്ത് വിദ്യാർഥികൾക്ക് ലഭിച്ച ***Application Number & Date of Birth*** എന്നിവ ഉപയോഗിച്ച് തിരിച്ചറിയൽ കാർഡിന്റെ പ്രിന്റ് എടുത്ത് ബന്ധപ്പെട്ട പഠനകേന്ദ്രം /പരീക്ഷാകേന്ദ്രം കോഡിനേറ്റിംഗ് ടീച്ചർ മുമ്പാകെ ഹാജരാക്കി മേലൊപ്പ് പതിപ്പിക്കേണ്ടതാണ്. സമ്പർക്ക ക്ലാസുകളിൽ പങ്കെടുക്കുന്നതിന് തിരിച്ചറിയൽ കാർഡ് നിർബന്ധമാണ്.

## സമ്പർക്കക്ലാസ്

സ്കോൾ-കേരള അനുവദിക്കുന്ന പഠനകേന്ദ്രത്തിൽ അവധി ദിവസങ്ങളിലാണ് സമ്പർക്ക ക്ലാസുകൾ സംഘടിപ്പിക്കുന്നത്. പ്രസ്തുസ സമ്പർക്ക ക്ലാസുകളിൽ വിദ്യാർഥികൾ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. സ്വയം പഠന സഹായികൾ ഉപയോഗിച്ചുള്ള പഠനത്തിൽ വിദ്യാർഥികൾക്കുണ്ടായേക്കാവുന്ന സംശയങ്ങളുടെ നിവാരണമാണ് സമ്പർക്ക ക്ലാസുകളുടെ ലക്ഷ്യം. പഠനകേന്ദ്രത്തിലെ പ്രിൻസിപ്പാൾ, കോഡിനേറ്റിംഗ് ടീച്ചർ എന്നിവരാണ് സമ്പർക്ക ക്ലാസുകളുടെ മേൽനോട്ടം വഹിക്കുന്നത്. ഹയർസെക്കണ്ടറി സ്കൂൾ അധ്യാപകരോ തത്തുല്യ യോഗ്യതയുള്ളവരോ ആയിരിക്കും സമ്പർക്ക ക്ലാസുകൾ കൈകാര്യം ചെയ്യുന്നത്.

- തിയറി ക്ലാസ്സിൽ ഒരു ബാച്ചിൽ കുറഞ്ഞത് 35 വിദ്യാർഥികളും പരമാവധി 60 വിദ്യാർഥികളെയും (10 മാർജിനൽ അതായത് 70) മാത്രം ഉൾപ്പെടുത്തി ക്ലാസ് സംഘടിപ്പിക്കുന്നതാണ്.

- പ്രാക്ടിക്കൽ ക്ലാസുകളിൽ ഒരു ബാച്ചിൽ പരമാവധി 30 (5 മാർജിനൽ അതായത് 35) വിദ്യാർത്ഥികളെ മാത്രം ഉൾപ്പെടുത്തി ക്ലാസ് സംഘടിപ്പിക്കുന്നതാണ്.
- ഏതെങ്കിലും പഠനകേന്ദ്രത്തിൽ 10 ൽ കുറവ് വിദ്യാർഥികൾ മാത്രമേ രജിസ്റ്റർ ചെയ്തിട്ടുള്ളുവെങ്കിൽ പ്രസ്തുത വിദ്യാർഥികളെ മറ്റ് പഠനകേന്ദ്രവുമായി കൂട്ടിച്ചേർത്ത് ക്ലാസുകൾ സംഘടിപ്പിക്കുന്നതാണ്.
- സമ്പർക്ക ക്ലാസ് ആരംഭിക്കുന്ന വിവരം ബന്ധപ്പെട്ട പഠന കേന്ദ്രം/പരീക്ഷാകേന്ദ്രം വഴിയും, പത്രമാധ്യമങ്ങൾ വഴിയും അറിയിക്കുന്നതാണ്.

------

## അനുബന്ധം – 1

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - കേരള സംസ്ഥാന ഹയർ സെക്കൻഡറി ബോർഡിനു കീഴിൽ ഹ്യൂമാനിറ്റീസ്, കൊമേഴ്സ് ഗ്രൂപ്പുകളിൽ ഇക്കണോമിക്സ് ഒരു വിഷയമായിട്ടുള്ള വിവിധ വിഷയ കോമ്പിനേഷനുകൾ തെരഞ്ഞെടുത്ത് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി സ്കോൾ-കേരള മുഖേന അഡീഷണലായി മാത്തമാറ്റിക്സ് വിഷയം മാത്രം രജിസ്റ്റർ ചെയ്ത് രണ്ടു വർഷം പഠിച്ച് ഹയർ സെക്കൻഡറി പരീക്ഷ എഴുതുന്നതിനുള്ള അവസരം ഒരുക്കുന്നതിനുള്ള അനുമതി സ്കോൾ കേരളയ്ക്ക് നൽകിയും കരട് പദ്ധതി രേഖ അംഗീകരിച്ചും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതു വിദ്യാഭ്യാസ (പി) വകുപ്പ്**

സ.ഉ.(സാധാ) നം.1708/2025/GEDN തീയതി,തിരുവനന്തപുരം, 01-03-2025

പരാമർശം:-
1. 11/06/2024 നു എസ്.സി.ഇ.ആർ.ടി. - യിൽ വച്ച് നടന്ന കരിക്കുലം കമ്മിറ്റിയുടെ മിനിറ്റ്സ്.
2. സ്കോൾ കേരള സെക്രട്ടറിയുടെ 12/09/2024 ലെ എ4/3783/2024/സ്കോൾ-കേരള.

**ഉത്തരവ്**

കേരള സംസ്ഥാന ഹയർ സെക്കൻഡറി ബോർഡിനു കീഴിൽ ഹ്യൂമാനിറ്റീസ്, കൊമേഴ്സ് ഗ്രൂപ്പുകളിൽ ഇക്കണോമിക്സ് ഒരു വിഷയമായിട്ടുള്ള വിവിധ വിഷയ കോമ്പിനേഷനുകൾ തെരഞ്ഞെടുത്ത് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മാത്തമാറ്റിക്സ് ഒരു ഐച്ഛിക വിഷയമല്ലാത്തതിനാൽ CUET, CAT ഉൾപ്പെടെയുള്ള മത്സര പരീക്ഷകൾക്ക് അപേക്ഷിക്കുവാനും പങ്കെടുക്കുവാനും അവസരം ലഭിക്കുന്നില്ലായെന്നും അതിനാൽ ഹയർ സെക്കൻഡറി കോഴ്സിന് കൊമേഴ്സ്, ഹ്യൂമാനിറ്റീസ് ഗ്രൂപ്പിൽ ഇക്കണോമിക്സ് ഒരു വിഷയമായി പഠിക്കുന്ന റഗുലർ സ്കൂൾ വിദ്യാർത്ഥികൾക്ക് സ്കോൾ-കേരള മുഖേന അഡീഷണലായി മാത്തമാറ്റിക്സ് പഠിച്ച് ഹയർ സെക്കൻഡറി പരീക്ഷ എഴുതുന്നതിനുള്ള അവസരം ഒരുക്കുന്നതിനു അനുമതിയും അതിനുവേണ്ടി തയ്യാറാക്കിയിട്ടുള്ള പദ്ധതി രേഖയും അംഗീകരിച്ച് ഉത്തരവാകണമെന്ന് ആവശ്യപ്പെട്ട് സ്കോൾ കേരള സെക്രട്ടറി പരാമർശം (2) പ്രകാരം കത്ത് നൽകിയിരുന്നു. 11/06/2024 നു എസ്.സി.ഇ.ആർ.ടി. - യിൽ വച്ച് നടന്ന കരിക്കുലം കമ്മിറ്റിയുടെ മിനിറ്റ്സും ലഭ്യമാക്കിയിരുന്നു.

2. സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന ഹയർ സെക്കൻഡറി ബോർഡിനു കീഴിൽ ഹ്യൂമാനിറ്റീസ്, കൊമേഴ്സ് ഗ്രൂപ്പുകളിൽ ഇക്കണോമിക്സ് ഒരു വിഷയമായിട്ടുള്ള വിവിധ വിഷയ കോമ്പിനേഷനുകൾ തെരഞ്ഞെടുത്ത് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി സ്കോൾ-കേരള മുഖേന അഡീഷണലായി മാത്തമാറ്റിക്സ് വിഷയം മാത്രം രജിസ്റ്റർ ചെയ്ത് രണ്ടു വർഷം പഠിച്ച് ഹയർ സെക്കൻഡറി പരീക്ഷ എഴുതുന്നതിനുള്ള അവസരം ഒരുക്കുന്നതിനുള്ള അനുമതി സ്കോൾ കേരളയ്ക്ക് നൽകിയും അതിനു വേണ്ടി തയ്യാറാക്കിയ, അനുബന്ധമായി ചേർത്തിരിക്കുന്ന പദ്ധതി രേഖ അംഗീകരിച്ചും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സിനി .ജെ .ഷുക്കൂർ
അഡീഷണൽ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, സ്കോൾ കേരള, തിരുവനന്തപുരം.

പൊതുവിദ്യാഭ്യാസ ഡയറക്ടർ(ഹയർ സെക്കണ്ടറി വിഭാഗം), തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എആന്റ്ഇ) കേരള, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി(പി3/289/2024-പൊ.വി.വ.)

ഉത്തരവിൻ പ്രകാരം

Signed by
J Vijayanath
സെക്ഷൻ ഓഫീസർ
Date: 01-03-2025 15:43:24

## അനുബന്ധം – 2

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതു വിദ്യാഭ്യാസ വകുപ്പ് -ഹയർ സെക്കൻഡറി റഗുലർ പരീക്ഷ എഴുതുന്ന മാത്തമാറ്റിക്സ് ഇല്ലാത്ത റഗുലർ കോമ്പിനേഷനിലെ വിദ്യാർത്ഥികൾക്ക് അഡീഷണൽ മാത്സ് കോമേഴ്സ് കൂടി രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച 01/03/2025 - ലെ സ.ഉ.(സാധാ) നം.1708/2025/പൊ.വി.വ. - ഭേദഗതി വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതു വിദ്യാഭ്യാസ(പി) വകുപ്പ്

സ.ഉ.(സാധാ) നം.7680/2025/GEDN തീയതി,തിരുവനന്തപുരം, 29-09-2025

പരാമർശം:- 1. 01/03/2025 - ലെ സ.ഉ.(സാധാ) നം.1708/2025/പൊ.വി.വ.

2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 12/09/2025 ലെ എച്ച്.എസ്.ഇ./12246/2025-എക്സാം.II-1 നമ്പർ കത്ത്

ഉത്തരവ്

കേരള സംസ്ഥാന ഹയർ സെക്കൻഡറി ബോർഡിനു കീഴിൽ ഹ്യുമാനിറ്റീസ്, കൊമേഴ്സ് ഗ്രൂപ്പുകളിൽ ഇക്കണോമിക്സ് ഒരു വിഷയമായിട്ടുള്ള വിവിധ വിഷയ കോമ്പിനേഷനുകൾ തെരഞ്ഞെടുത്ത് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി സ്കോൾ-കേരള മുഖേന അഡീഷണലായി മാത്തമാറ്റിക്സ് വിഷയം മാത്രം രജിസ്റ്റർ ചെയ്ത് രണ്ടു വർഷം പഠിച്ച് ഹയർ സെക്കൻഡറി പരീക്ഷ എഴുതുന്നതിനുള്ള അവസരം ഒരുക്കുന്നതിനുള്ള അനുമതി സ്കോൾ കേരളയ്ക്ക് നൽകിയും അതിനു വേണ്ടി തയ്യാറാക്കിയ, പദ്ധതി രേഖ അംഗീകരിച്ചും പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഹയർ സെക്കൻഡറി പരീക്ഷയിൽ റെഗുലർ ആയി പരീക്ഷ എഴുതുന്നത് കൂടാതെ അഡീഷണൽ മാത്സ് കോമേഴ്സ് വിഷയം കൂടി സ്കോൾ കേരള വഴി രജിസ്റ്റർ ചെയ്ത് പരീക്ഷ നടത്തുമ്പോൾ ഉണ്ടാകുന്ന ബുദ്ധിമുട്ടുകളും പാലിക്കേണ്ട നടപടിക്രമങ്ങളുമുണ്ടെന്നും ആയത് മേൽ ഉത്തരവിൽ പരാമർശിച്ചിട്ടില്ലാത്തതിനാൽ ആയതു

സെക്കൻഡറി അക്കാദമിക് ജോയിന്റ് ഡയറക്ടർ, NIC പ്രതിനിധികൾ, സ്കോൾ കേരള പ്രതിനിധികൾ, പരീക്ഷാ ജോയിന്റ് ഡയറക്ടർ, സിസ്റ്റം മാനേജർ എന്നിവർ വിശദമായി ചർച്ച ചെയ്യുകയും അവ പരിഹരിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട പൊതു വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (2) പ്രകാരം പ്രൊപ്പോസൽ ലഭ്യമാക്കിയിട്ടുമുണ്ടായി. മേൽ വിഷയവുമായി ബന്ധപ്പെട്ട 08/09/2025 - ൽ നടന്ന മീറ്റിംഗിന്റെ മിനിറ്റ്സും ലഭ്യമാക്കിയിരുന്നു.

2. സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന ഹയർ സെക്കൻഡറി ബോർഡിനു കീഴിൽ ഹ്യുമാനിറ്റീസ്, കൊമേഴ്സ് ഗ്രൂപ്പുകളിൽ ഇക്കണോമിക്സ് ഒരു വിഷയമായിട്ടുള്ള വിവിധ വിഷയ കോമ്പിനേഷനുകൾ തെരഞ്ഞെടുത്ത് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി സ്കോൾ-കേരള മുഖേന അഡീഷണലായി മാത്തമാറ്റിക്സ് വിഷയം മാത്രം രജിസ്റ്റർ ചെയ്ത് രണ്ടു വർഷം പഠിച്ച് ഹയർ സെക്കൻഡറി പരീക്ഷ എഴുതുന്നതിനും അനുമതി നൽകി പുറപ്പെടുവിച്ച പരാമർശം (1) ഉത്തരവിൽ താഴെ പറയുന്ന നിബന്ധനകൾ കൂടി ഉൾപ്പെടുത്തി മേൽ ഉത്തരവ് ഭേദഗതി വരുത്തി ഉത്തരവാകുന്നു.

1. അഡീഷണൽ മാത്സിന് രജിസ്റ്റർ ചെയ്യപ്പെടുന്ന വിദ്യാർത്ഥികൾക്ക് രജിസ്ട്രേഷൻ നിലവിൽ വിദ്യാർത്ഥികൾ പഠിക്കുന്ന വിദ്യാലയത്തിൽ തന്നെ നല്കാവുന്നതാണ്.

2. രജിസ്റ്റർ ചെയ്യപ്പെടുന്ന വിദ്യാർത്ഥികൾക്ക് പ്രായോഗിക പരീക്ഷ നടത്തുന്നതിന് സ്വന്തം സ്കൂളിൽ ലാബ് സൗകര്യം ഇല്ലാതെ വന്നാൽ പരീക്ഷാ സെക്രട്ടറി നിശ്ചയിക്കുന്ന പരീക്ഷ കേന്ദ്രത്തിലായിരിക്കും പ്രായോഗിക പരീക്ഷ നടത്തുന്നത്.

3. അഡീഷണൽ മാത്സ് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഒന്നും രണ്ടും വർഷത്തിനു യഥാക്രമം തിയറിക്ക് 500/- രൂപ പരീക്ഷാ ഫീസും സർട്ടിഫിക്കറ്റ് ഫീസ് 40/- രൂപയും രണ്ടാം വർഷത്തെ പ്രായോഗിക പരീക്ഷക്ക് 250/- രൂപയും റഗുലർ വിഷയങ്ങളുടെ ഫീസിന് പുറമേ നിശ്ചയിക്കുന്നു. (പ്രാക്ടിക്കൽ നടത്തിപ്പ്, ഹാൾ ടിക്കറ്റ്, ലാബ് ഉപയോഗം, തിയറി, പ്രാക്ടിക്കൽ ചീഫ് എന്നിവർക്കു കൂടുതൽ ഫണ്ട് നൽകേണ്ടതായി വരുന്നു).

4. ടി വിദ്യാർത്ഥികളുടെ റഗുലർ കോഴ്സ് സ്കോർ 1200 - ലും അഡീഷണൽ മാത്സിന്റെ സ്കോർ 200 - ലും ആയിരിക്കും. അഡീഷണൽ മാത്സിന് പ്രത്യേകം സർട്ടിഫിക്കറ്റായിരിക്കും നല്കുക. ടി സർട്ടിഫിക്കറ്റ് റഗുലർ കോഴ്സ് സർട്ടിഫിക്കറ്റുമായിട്ട് കമ്പയിൻ ചെയ്ത് നല്കുന്നതല്ല.

5. അഡീഷണൽ മാത്സിന് ഇംപ്രൂവ്മെന്റ്, SAY/ഇംപ്രൂവ്മെന്റ്, കമ്പാർട്ടുമെന്റൽ പരീക്ഷകൾ ഉണ്ടായിരിക്കുന്നതല്ല.

6. അഡീഷണൽ മാത്സ് വിഷയത്തിനോടൊപ്പം ഗ്രേസ് മാർക്ക് അനുവദിക്കുന്നതല്ല.

7. ടി വിദ്യാർത്ഥികളുടെ ഒന്നും രണ്ടും വർഷ പരീക്ഷാ രജിസ്ട്രേഷൻ ക്യാൻസലേഷൻ നടത്തിയാൽ അഡീഷണൽ മാത്സിന്റെ പരീക്ഷാ രജിസ്ട്രേഷനും റദ്ദാകുന്നതാണ്.

8. അഡീഷണൽ മാത്സിന് പ്രത്യേകം ഹാൾ ടിക്കറ്റായിരിക്കും നൽകുക.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
K J SALINI
അഡീഷണൽ സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ(ഹയർ സെക്കൻഡറി വിഭാഗം), തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, സ്കോൾ കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി(പി3/184/2025-പൊ.വി.വ.)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

GOVERNMENT OF KERALA

Abstract

General Education-Vocational Higher Secondary Education-Conduct of continuous evaluation for additional Mathematics to Vocational Higher Secondary Students sanction-accorded Orders issued

GENERAL EDUCATION (SPECIAL CELL) DEPARTMENT

G.O.(Rt)No.1170/07/Gl.Edn. Dated, Thiruvananthapuram, 15-03-2007

Read Letter No C1/9423/06 dated 4-12-2006 from the Director, Vocational Higher Secondary Education

ORDER

In this circumstances reported by the Director, Higher Secondary Education in his letter read above, Government are pleased to accord sanction for the conduct of continuous evaluation for additional Mathematics to Vocational Higher Secondary Students. The SCERT is entrusted to conduct the same through Kerala State Open School on the lines given as annexure

(By order of the Governor)

V.SASIDHARAN
UNDER SECRETARY TO GOVERNMENT

To

The Director, Vocational Higher Secondary Education, Thiruvananthapuram
The Director, SCERT, Thiruvananthapuram
The Accountant General (A&E) (Audit), Kerala, Thiruvananthapuram
The Stock File/Office Copy

Forwarded/by order

Section officer

**അനുബന്ധം – 4**

## ഹയർസെക്കണ്ടറി പഠനകേന്ദ്രങ്ങൾ

| Sl No | District | Study Center Code | Study Center Name |
|---|---|---|---|
| 1 | THIRUVANANTHAPURAM | 1007 | Govt. Medical College Kumarapuram |
| | | 1023 | Govt. Boys HSS THYCAUD |
| | | 1044 | Govt. Tamil HSS Chala |
| 2 | KOLLAM | 2003 | G HSS & VHSS Karunagapally |
| | | 2004 | Govt. Model Boys HSS Thevally |
| | | 2018 | GHSS Anjalumoodu |
| 3 | PATHANAMTHITTA | 3001 | Govt Boys HSS Adoor |
| | | 3003 | Govt. HSS Ezhumattoor |
| | | 3005 | KSGHSS Kadapra |
| 4 | ALAPPUZHA | 4002 | Govt. Model HSS Ambalappuzha |
| | | 4024 | GGHSS Kayamkulam |
| | | 4090 | VRVM GHSS Vayalar |
| 5 | KOTTAYAM | 5003 | GHSS Karappuzha |
| | | 5013 | GHSS for Boys Vaikom |
| | | 5026 | GVHSS Ponkunnam |
| 6 | IDUKKI | 6003 | GHSS Kallar |
| | | 6008 | Govt. Tribal HSS Poomala |
| | | 6010 | Dr. APJ Abdul Kalam GHSS Thodupuzha |
| | | 6035 | S J HSS,VELLAYAMKUDI,IDUKKI |
| 7 | ERNAKULAM | 7004 | Govt. HSS Elamkunnapuzha |
| | | 7029 | Govt. HSS Chengamanadu |
| | | 7168 | Govt. Model HSS Moovattupuzha |
| 8 | THRISSUR | 8003 | GMHSS Irinjalakuda |
| | | 8012 | Govt. Model BHSS Thrissur |
| | | 8138 | GHSS Punkunnam |
| 9 | PALAKKAD | 9009 | Govt. Moyan Model Girls HSS Palakkad |
| | | 9034 | GHSS Pathirippala |
| | | 9078 | GHSS Alanallur |
| 10 | MALAPPURAM | 11001 | GGHSS Malappuram |
| | | 11003 | GBHSS Tirur |
| | | 110030 | GMHSS Perinthalmanna |
| | | 11057 | PPM HSS,KOTTUKKARA,MALAPPURAM |
| | | 11213 | CHEKKUTTY HAJI MEMORIAL HSS, POOKOLOTHUR |
| | | 11215 | CRESENT HS S,ADAKKAKUNDU,MALAPPURAM |
| 11 | KOZHIKKODE | 10007 | GOVT HSS,KUTTIADI,KOZHIKKODE |
| | | 10096 | GGHSS Madapally |
| | | 10098 | GVHSS Kuttichira |
| | | 10099 | GHSS Narikkuni |
| 12 | WAYANAD | 12001 | GHSS Kaniyampatta |
| | | 12002 | GHSS Meenangadi |
| | | 12017 | W.O.HSS, PINANGODE, WAYANAD |
| | | 12052 | Govt. Servajana HSS Sulthan Bathery |
| 13 | KANNUR | 13001 | GHSS Chavassery |
| | | 13005 | GHSS Kalliassery |
| | | 13012 | AKG Smaraka HSS Peralassery |
| 14 | KASARAGOD | 14006 | GHSS Pilicode |
| | | 14011 | GHSS Kuttamath |
| | | 14033 | GHSS Benkara Manjeswaram |

**അനുബന്ധം – 5**

## വൊക്കേഷണൽ ഹയർസെക്കണ്ടറി പഠനകേന്ദ്രങ്ങൾ

| Sl No | District | Study Center Code | Study Center Name |
|---|---|---|---|
| 1 | THIRUVANANTHAPURAM | 01 | Victory VHSS (Boys) Nemom |
| | | 02 | GVHSS, Vattiyurkavu |
| | | 30 | GOVT. VHSS VITHURA |
| | | 33 | GOVT VHSS FOR BOYS MANCHA NEDUMANGAD |
| 2 | KOLLAM | 03 | TKDM GVHSS, Uliyakovil, Kadappakkada |
| | | 04 | GVHSS, Eranipuram |
| 3 | PATHANAMTHITTA | 05 | GVHSS, Vadakkedathukavu |
| | | 06 | GVHSS, Elanthoor |
| 4 | ALAPPUZHA | 07 | GVHSS, Mavelikkara |
| | | 08 | SNVHSS, Sreekanteswaram |
| 5 | KOTTAYAM | 09 | St. George HSS, Kaipuzha |
| | | 10 | VVHSS, Peruva Girls |
| 6 | IDUKKI | 11 | Govt. VHSS, Thodupuzha |
| | | 12 | Govt. VHSS, Nedumkanda |
| 7 | ERNAKULAM | 13 | GVHSS, Odakkali |
| | | 14 | DUVHSS, Pullepady |
| 8 | THRISSUR | 16 | Govt. VHSS, Wadakanchery |
| | | 31 | GOVT. MODEL HSS FOR GIRLS, THRISSUR |
| 9 | PALAKKAD | 17 | GVHSS, Karakurissi |
| | | 29 | Govt. VHSS Palakkad |
| 10 | MALAPPURAM | 19 | GVHSS Nellikuth, Manjeri |
| | | 20 | GVHSS, Kalpakancherry |
| 11 | KOZHIKKODE | 21 | GVHSS, (THS) Vadakara |
| | | 28 | Govt. Boys VHSS Koyilandy |
| | | 32 | GVHSS Kinassery |
| | | 34 | GMVHSS Koyilandy |
| 12 | WAYANAD | 23 | Govt. THSS & VHSS, Sulthan Bathery |
| 13 | KANNUR | 24 | GVHSS, Kalliassery |
| | | 25 | GVHSS, Chirakkara |
| 14 | KASARAGOD | 26 | GVHSS, Trikaripur |
| | | 27 | GVHSS, Mogral |

**അനുബന്ധം - 6**

## സ്കോൾ-കേരള ജില്ലാകേന്ദ്രങ്ങൾ

| തിരുവനന്തപുരം | തൃശൂർ |
|---|---|
| **ജില്ലാ കോഡിനേറ്റർ**<br>സ്കോൾ-കേരള, ജില്ലാകേന്ദ്രം<br>ഗവൺമെന്റ് തമിഴ് ഹയർസെക്കന്ററി സ്കൂൾ, ചാല<br>തിരുവനന്തപുരം - 695036<br>ഫോൺ: 0471 - 2572990<br>email: ksos.dctvm@gmail.com | **ജില്ലാ കോഡിനേറ്റർ**<br>സ്കോൾ-കേരള, ജില്ലാകേന്ദ്രം,<br>ഗവ:മോഡൽ വൊക്കേഷണൽ ജി. എച്ച്.എസ്.എസ്.<br>,പാലസ് റോഡ്, തൃശൂർ - 680020<br>ഫോൺ: 0487 - 2322559<br>email:ksos.dctcr@gmail.com |

| കൊല്ലം | പാലക്കാട് |
|---|---|
| **ജില്ലാ കോഡിനേറ്റർ**<br>സ്കോൾ-കേരള, ജില്ലാകേന്ദ്രം<br>ഗവ: മോഡൽ ബോയിസ് എച്ച്.എസ്.എസ്. തേവള്ളി<br>കൊല്ലം - 691009<br>ഫോൺ: 0474 - 2798982<br>email: ksos.dcklm@gmail.com | **ജില്ലാ കോഡിനേറ്റർ**<br>സ്കോൾ-കേരള, ജില്ലാകേന്ദ്രം<br>ജി.യു.പി.എസ്, പുത്തൂർ<br>പാലക്കാട് - 678005<br>ഫോൺ: 0491- 2536846<br>email:ksos.dcpkd@gmail.com |

| പത്തനംതിട്ട | മലപ്പുറം |
|---|---|
| **ജില്ലാ കോഡിനേറ്റർ**<br>സ്കോൾ-കേരള, ജില്ലാകേന്ദ്രം<br>ഗവ. എച്ച്.എസ്.എസ് &<br>വി.എച്ച്.എസ്.എസ് പത്തനംതിട്ട - 689645<br>ഫോൺ: 0468 - 2325499<br>email: ksos.dcpta@gmail.com | **ജില്ലാ കോഡിനേറ്റർ**<br>സ്കോൾ-കേരള, ജില്ലാകേന്ദ്രം<br>മലബാർ റീജിയണൽ കേന്ദ്രം<br>സിവിൽ സ്റ്റേഷൻ കോമ്പൗണ്ട്, മലപ്പുറം - 676505<br>ഫോൺ: 0483- 2734295<br>email:ksosmromlp@gmail.com |

| ആലപ്പുഴ | കോഴിക്കോട് |
|---|---|
| **ജില്ലാ കോഡിനേറ്റർ**<br>സ്കോൾ-കേരള, ജില്ലാകേന്ദ്രം<br>കെ.കെ. കുഞ്ചുപിള്ള മെമ്മോറിയൽ എച്ച്.എസ്.എസ്<br>അമ്പലപ്പുഴ പി.ഒ.<br>ആലപ്പുഴ - 688561 ഫോൺ: 0477 - 2272040<br>email: scoledcalp@gmail.com | **ജില്ലാ കോഡിനേറ്റർ**<br>സ്കോൾ-കേരള, ജില്ലാകേന്ദ്രം<br>ഗവ: മോഡൽ എച്ച്.എസ്.എസ്<br>കോഴിക്കോട് - 673001<br>ഫോൺ: 0495- 2723663<br>email:scoledckkd@gmail.com |

| കോട്ടയം | വയനാട് |
|---|---|
| **ജില്ലാ കോഡിനേറ്റർ**<br>സ്കോൾ-കേരള, ജില്ലാകേന്ദ്രം<br>ഗവ: എച്ച്.എസ്.എസ്. കാരാപ്പുഴ<br>കോട്ടയം - 686003<br>ഫോൺ: 0481 - 2300443<br>email: ksos.dcktm@gmail.com | **ജില്ലാ കോഡിനേറ്റർ**<br>സ്കോൾ-കേരള, ജില്ലാകേന്ദ്രം<br>ഗവ: എച്ച്.എസ്.എസ്, മീനങ്ങാടി<br>വയനാട് - 673591<br>ഫോൺ: 04936- 248722<br>email: ksos.dcwyd@gmail.com |

| ഇടുക്കി | കണ്ണൂർ |
|---|---|
| **ജില്ലാ കോഡിനേറ്റർ**<br>സ്കോൾ-കേരള, ജില്ലാകേന്ദ്രം<br>ജി.ജി.എച്ച്.എസ്.എസ്.തൊടുപുഴ<br>ഇടുക്കി - 685584<br>ഫോൺ: 0486 - 2225243<br>email: ksos.dcidk@gmail.com | **ജില്ലാ കോഡിനേറ്റർ ഇൻ-ചാർജ്ജ്**<br>സ്കോൾ-കേരള, ജില്ലാകേന്ദ്രം<br>ഗവ. മുനിസിപ്പൽ വി.എച്ച്.എസ്.എസ്. (സ്പോർട്ട്സ്)<br>കണ്ണൂർ - 670002<br>ഫോൺ: 0497-2702706<br>email: ksos.dcknr@gmail.com |

| എറണാകുളം | കാസർഗോഡ് |
|---|---|
| **ജില്ലാ കോഡിനേറ്റർ**<br>സ്കോൾ-കേരള, ജില്ലാകേന്ദ്രം<br>ഗവ: എസ്.ആർ.വി. എൽ.പി. സ്കൂൾ ക്യാമ്പസ്<br>സൗത്ത് എറണാകുളം 682011<br>ഫോൺ: 0484 - 2377537<br>email:ksos.dcekm@gmail.com | **ജില്ലാ കോഡിനേറ്റർ ഇൻ-ചാർജ്ജ്**<br>സ്കോൾ-കേരള, ജില്ലാകേന്ദ്രം<br>ജി.എം.വി. എച്ച്.എസ്.എസ്, തളങ്കര<br>കാസർഗോഡ് - 671122<br>ഫോൺ: 04994 - 226460<br>email: ksos.dcksd@gmail.com |